പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4483 — 21/03/2018-ൽ മറുപടിക്ക്

## ദേശീയ പോഷകാഹാര പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.സി.ജോസഫ് | | ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| എ) | നീതി ആയോഗ് ദേശീയ പോഷകാഹാര പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഇതിലൂടെ ലക്ഷ്യമിടുന്നത് എന്താണെന്ന് വെളിപ്പെടുത്തുമോ; | എ) | കേന്ദ്ര വനിതാ ശിശു വികസന മന്ത്രാലയം രാജ്യത്തെ പോഷക നിലവാരം മെച്ചപ്പെടുത്തുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള നൂതന പദ്ധതിയാണ് നാഷണൽ ന്യൂട്രിഷൻ മിഷൻ. ടി പദ്ധതിയുടെ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br>1. 0-6 വയസ്സ് വരെയുള്ള കുട്ടികളിലെ വളർച്ച മുരടിക്കൽ (stunting) 6% കുറയ്ക്കുക<br>2.0-6 വയസ്സ് വരെയുള്ള കുട്ടികളിലെ തൂക്കക്കുറവ് 6% കുറയ്ക്കുക<br>3. 0-59 മാസം പ്രായമുള്ള കുട്ടികളിലെ വിളർച്ച 9%കുറയ്ക്കുക<br>4. 13-49 വയസ്സുള്ള സ്ത്രീകളിലെ വിളർച്ച 9% കുറയ്ക്കുക<br>5. Low birth weight 6% കുറയ്ക്കുക |
| ബി) | കേരളത്തിലെ ഏതൊക്കെ ജില്ലകളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; | ബി) | പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ (2017-18) മലപ്പുറം, കണ്ണൂർ, വയനാട് ജില്ലകളെ ഉൾപ്പെടുത്തിയിട്ടുണ്ട് |
| സി) | സ്ത്രീകളിൽ വിളർച്ച വർദ്ധിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിളർച്ച പ്രതിരോധത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിവരിക്കാമോ ? | സി) | ഇല്ല. നാഷണൽ ന്യൂട്രിഷൻ എന്ന പദ്ധതിയിൽ 15-49 വയസ്സുള്ള സ്ത്രീകളിലെ വിളർച്ച കുറയ്ക്കുന്നതിന് ലക്ഷ്യമിടുന്നു. നിലവിൽ അങ്കണവാടികൾ മുഖേന കൗമാരക്കാരായ പെൺകുട്ടികൾക്കും അമ്മമാർക്കും അനീമിയ സംബന്ധിച്ച ക്ലാസ്സുകൾ നൽകുന്നുണ്ട്.<br>• 6 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് അയൺതുള്ളി മരുന്ന്<br>• 6 വയസ്സ് മുതൽ 10 വയസ്സ് വരെയുള്ള കുട്ടികൾക്ക് WIFS ജൂനിയർ ഗുളിക ആഴ്ചതോറും<br>• 10 മുതൽ 18 വയസ്സുവരെയുള്ള കുട്ടികൾക്ക് WIFS ഗുളിക ആഴ്ച തോറും<br>• ഗർഭിണികൾക്ക് അയൺ-ഫോളിക് ആസിഡ് ഗുളിക<br>• വർഷത്തിൽ 2 തവണ വിരവിമുക്ത ദിനം<br>എന്നീ പരിപാടികളോടെ 'അനീമിയ ഫ്രീ കേരള' എന്ന സമഗ്ര പദ്ധതി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ